# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 826 12.06.2013 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളിമേഖലകളിൽ കുടിവെള്ള വിതരണത്തിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.നാണു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| മത്സ്യത്തൊഴിലാളിമേഖലകളിൽ കുടിവെള്ള വിതരണത്തിനായി ജലവിഭവ വകുപ്പിന്റെ പ്രത്യേക പദ്ധതി നിലവിലുണ്ടോ; എങ്കിൽ വടകര മണ്ഡലത്തിലെ അഴിയാർ, ചോറോട് , ഒഞ്ചിയം പഞ്ചായത്തുകളിലും വടകര മുനിസിപ്പാലിറ്റിയിലും കുടിവെള്ള വിതരണത്തിന് നടപടി സ്വീകരിക്കുമോ? | മത്സ്യത്തൊഴിലാളിമേഖലകളിൽ കുടിവെള്ള വിതരണത്തിനായി കേരള ജല അതോറിറ്റിയുടെ പ്രത്യേക പദ്ധതികൾ ഒന്നും നിലവിലില്ല. എന്നാൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. കൊയിലാണ്ടി മുനിസിപ്പാലിറ്റി മത്സ്യ ഗ്രാമത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - 120 ലക്ഷം രൂപ<br>2. കോഴിക്കോട്, എലത്തൂർ മത്സ്യ ഗ്രാമത്തിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി - 163 ലക്ഷം രൂപ<br>3. എറണാകുളം ജില്ലയിൽ എടവനക്കാട്- കുഴിപ്പള്ളി പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - 500 ലക്ഷം രൂപ<br>4. ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ, മാരാരിക്കുളം തെക്ക്, പുറക്കാട്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതി - 515.44 ലക്ഷം രൂപ<br>പ്രസ്തുത പദ്ധതികളിലേയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എന്നാൽ വടകര മണ്ഡലത്തിലെ അഴിയാർ, ചോറോട്, ഒഞ്ചിയം പഞ്ചായത്തും വടകര മുൻസിപ്പാലിറ്റിയും ഫിഷറീസ് വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.<br>കൂടാതെ അഴിയൂർ പഞ്ചായത്തിന് മാത്രമായി കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ജലഗുണനിലവാര പ്രശ്നങ്ങൾക്ക് വേണ്ടിയുള്ള പദ്ധതിയിൽപ്പെടുത്തി ഒരു കുടിവെള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ